# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2737

12.10.2011 ൽ മറുപടിയ്ക്ക്

## കേപ്പിന് കീഴിലെ പ്രൊഫഷണൽ സ്ഥാപനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) | മുൻസർക്കാർ 2006 - 2011 കാലത്ത് കേപ്പിനു കീഴിൽ എന്തെല്ലാം സ്ഥാപനങ്ങളാണ് പുതിയതായി ആരംഭിക്കാൻ നടപടി എടുത്തത്; | (എ) താഴെപ്പറയുന്ന സ്ഥാപനങ്ങൾ പുതിയതായി ആരംഭിക്കാൻ നടപടിയെടുത്തിരുന്നു.<br>1. കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, പുന്നപ്ര<br>2. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പത്തനാപുരം<br>3. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറന്മുള<br>4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി, പുന്നപ്ര<br>5. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ്, പുന്നപ്ര<br>6. സാഗര കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, പുന്നപ്ര<br>7. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് ഓഫ് നഴ്സിംഗ്, കൊച്ചി |
| (ബി) | അതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം; അവയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ; | (ബി) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറന്മുള, കോളേജ് ഓഫ് നഴ്സിംഗ്, കൊച്ചി എന്നിവയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറന്മുള ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. ആറന്മുള കോളേജ് ഓഫ് എഞ്ചിനീയറിംഗിനു വേണ്ടി വയൽ നികത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിൽ വയൽ നികത്തിയത് സംബന്ധിച്ച അനുമതി കൃഷി വകുപ്പിൽ |

| | | |
|---|---|---|
| | | നിന്നും ലഭിക്കേണ്ടതുണ്ട്. പ്രസ്തുത അനുമതിയും എ.ഐ.സി.റ്റി.ഇ. അംഗീകാരവും ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) | പത്തനാപുരം, പത്തനംതിട്ട (ആറന്മുള) (സി) സഹകരണ എഞ്ചിനീയറിംഗ് കോളേജുകൾ 2011 – 2012 ൽ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | പത്തനാപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പത്തനംതിട്ട ആറൻമുളയിൽ വയൽ നികത്തുന്നതിന് കൃഷി വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് മുമ്പ് തന്നെ കെട്ടിടം പണി ആരംഭിച്ചിരുന്നു. ഇക്കാര്യം കൃഷി വകുപ്പിന്റെ പരിഗണനയിലാണ്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് എ.ഐ.സി.റ്റി.ഇ. യുടെയും യൂണിവേഴ്സിറ്റിയുടെയും അംഗീകാരത്തോടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ഡി) | 2006 – 2011 കാലത്ത് കേപ്പിന് കീഴിൽ (ഡി) എത്ര സഹകരണ ആശുപത്രികൾ ആരംഭിച്ചുവെന്ന് അറിയിക്കുമോ? | 2006 – 2011 ൽ കേപ്പിന്റെ കീഴിൽ കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ സാറ്റലൈറ്റ് യൂണിറ്റായി പുന്നപ്രയിൽ ഒരു ആശുപത്രി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ